## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം - പാണ്ടനാട് ഗ്രാമ പഞ്ചായത്തിൽ 2012-2013 വർഷത്തിൽ 'പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതർക്ക് ഭൂമി പതിച്ചു നൽകൽ' പദ്ധതി നടപ്പാക്കിയതിലെ ക്രമക്കേട് - മുൻ പാണ്ടനാട് ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ശ്രീ.ജയകൃഷ്ണൻ-ജി.യ്ക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 294 /2018/തസ്വഭവ തിരുവനന്തപുരം, തീയതി,31.01.2018**

---

പരാമർശം:- 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.05.2015-ലെ E4(QV19/2014/ALP)27884/2014 നമ്പർ കത്ത്.

2) ശ്രീ.ജയകൃഷ്ണൻ ജി., മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകിയ 09.11.2015-ലെ ഇ.ആർ.ബി3/37/2015/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3) ഗ്രാമവികസന കമ്മീഷണറുടെ 10.12.2015, 03.01.2017 എന്നീ തീയതികളിലെ 20755/എസ്റ്റാ.എ 2/15/സിആർഡി (3)നമ്പർ കത്തുകൾ.

4) ശ്രീ.ജയകൃഷ്ണൻ ജി. സമർപ്പിച്ച 14.01.2016-ലെ പ്രതിവാദ പത്രിക.

## ഉത്തരവ്

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ 2012-2013 വർഷത്തിൽ 'പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതർക്ക് ഭൂമി പതിച്ചു നൽകൽ' പദ്ധതി നടപ്പാക്കിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് സത്വര അന്വേഷണം നടത്തുകയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.ജയകൃഷ്ണനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തു. ശ്രീ.ജയകൃഷ്ണൻ-ജി.യ്ക്ക് പരാമർശം (2) പ്രകാരം സർക്കാർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. ശ്രീ.ജയകൃഷ്ണൻ ജി. പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചു.

പാണ്ടനാട് ഗ്രാമപഞ്ചായത്തിലെ 2012-13-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്ന പദ്ധതിയിൽ 10 ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിനായി 1,50,000/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിൽ ഒരു ഗുണഭോക്താവായി ശ്രീമതി ശ്യാമള മനോജ്, W/o മനോജ് കുമാർ, പൂപ്പരത്തിൽ ഹൌസ്, പാണ്ടനാട് പി.ഒ., വെണ്മണി എന്നയാളെ ഉൾപ്പെടുത്തിയിരുന്നു. അതിൻ പ്രകാരം പാണ്ടനാട് വില്ലേജിൽ കീഴ്വന്മഴി മുറിയിൽ വല്യപറമ്പിൽ ചെറിയാൻ മകൻ ജോസഫിന്റെ ഉടമസ്ഥതയിലുള്ളതും പാണ്ടനാട് വില്ലേജിൽ 443/8 സർവ്വേ നമ്പരിൽ ഉൾപ്പെട്ട 1/21 ആർ സ്ഥലം ശ്രീമതി ശ്യാമള മനോജിന് രജിസ്റ്റർ ചെയ്തു നൽകി. പിന്നീടുള്ള അന്വേഷണത്തിൽ ശ്രീമതി ശ്യാമള മനോജിന്റെ ഭർത്താവായ ശ്രീ.മനോജ് പാണ്ടനാട് സർവ്വീസ് സഹകരണ ബാങ്ക് ലി.നം.എ.42-ലെ സ്ഥിരം

ജീവനക്കാരനും മാസം 9,651/- രൂപ ശമ്പളം വാങ്ങുന്നയാളാണെന്ന് കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി ഗുണഭോക്താവ് അനർഹയാണെന്ന് ബോദ്ധ്യപ്പെട്ടു. പാണ്ടനാട് വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ടി ശ്യാമള മനോജ് എന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകിയതെന്നും എന്നാൽ ടി ഗുണഭോക്താവ് അനർഹയാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് അനുവദിച്ച നൽകിയിട്ടുള്ള സ്ഥലത്തിന്റെ പ്രമാണം റദ്ദ് ചെയ്തിട്ടുള്ളതായും ഭൂമി ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തതായും ഭൂമി തൊട്ടടുത്ത ഗുണഭോക്താവിന് നൽകിയതായും പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു. നടപടിക്രമങ്ങളുടെ ഭാഗമായി റവന്യൂ അധികാരികളുടെ സമ്മതപത്രം വാങ്ങി പരിശോധിച്ചതിനു ശേഷമാണ് നിർവ്വഹണം നടത്തിയതെന്നും ദാരിദ്ര്യരേഖാ ലിസ്റ്റിൽ ശ്രീമതി ശ്യാമളാ മനോജിന്റെ കുടുംബം ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രാദേശികമായ അന്വേഷണത്തിൽ അപേക്ഷകയുടെ ഭർത്താവായ ശ്രീ.മനോജിന് സ്ഥിരജോലി ഇല്ലെന്നും വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വരുമാനം യഥാർത്ഥമാണെന്നും ബോദ്ധ്യപ്പെട്ടതായും അപേക്ഷകയും കുടുംബവും തെറ്റിദ്ധരിപ്പിച്ചതാണെന്ന് ബോദ്ധ്യപ്പെട്ടത് പണം നൽകിക്കഴിഞ്ഞാണെന്നും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പമം ദുരുപയോഗം ചെയ്തതിന് ശ്രീമതി ശ്യാമള മനോജിന് 18/10/2014,26/11/2014 തീയതികളിൽ നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും പാണ്ടനാട് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയെ രേഖാമൂലം ഈ വിവരങ്ങൾ അറിയിച്ചിട്ടുള്ളതാണെന്നും ശ്രീ.ജയകൃഷ്ണൻ പരാമർശം (4) പ്രകാരം ബോധിപ്പിച്ചു.

3.പരാതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ പാണ്ടനാട് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്ന് ശ്രീ.ജയകൃഷ്ണൻ പ്രതിവാദ പത്രികയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും അതിന് ഉപോൽബലകമായ രേഖകൾ ഹാജരാക്കുവാൻ ടിയാന് സാധിച്ചിട്ടില്ലെന്നും മുൻകാലങ്ങളിൽ ഈ ഉദ്യോഗസ്ഥനെക്കുറിച്ച് പരാതികളോ ആരോപണങ്ങളോ ഉണ്ടായിട്ടില്ലെങ്കിലും കൃത്യമായി രേഖകൾ പരിശോധിക്കാതെയും ശരിയായ അന്വേഷണം നടത്താതെയും സർക്കാർ പണം ഉപയോഗരഹിതമാക്കിയതായും ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ 2012-2013 വർഷത്തിലെ 'പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതർക്ക് ഭൂമി പതിച്ചു നൽകൽ' പദ്ധതി പ്രകാരം വീട് അനുവദിക്കുന്നതിനു മുൻപ് ശരിയായ അന്വേഷണം നടത്താതെയും രേഖകൾ ശരിയായി പരിശോധിക്കാതെയും സർക്കാർ പണം അയോഗ്യരായ ആളുകളുടെ കൈയ്യിൽ എത്തിച്ചേരാനിടയാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.ജയകൃഷ്ണന്റെ വീഴ്ചയാണ്. അതിനാൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, ചട്ടം 16 പ്രകാരം ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, ചട്ടം 11 (iii) പ്രകാരം ടിയാളുടെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേയ്ക്ക് സഞ്ചിതപ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഇതിനാൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

( ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ. അജിത്ത് കുമാർ ഐഎഎസ്**
**സെക്രട്ടറി**

ശ്രീ.ജയകൃഷ്ണൻ.ജി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പാണ്ടനാട് ഗ്രാമപഞ്ചായത്ത്, ചെങ്ങന്നൂർ (ഗ്രാമവികസന കമ്മീഷണർ മുഖേന).
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.

വിജിലൻസ് (ഇ) വകുപ്പ് (04/09/2015 ലെ 8440/1 ഇ 1/2015/വിജി പ്രകാരം)

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ